K24FY1472(C)

Reg No:..................

Name :....................

# First Semester FYUGP Malayalam Examination
## November 2024 (2024 Admission onwards)
## KU1DSCMAL104 (STHREE ANUBHAVAMEZHUTHU)
(EXAM DATE : 06-12-2024)

Time : 90 min

Maximum Marks : 50

### Part A (Answer any 6 questions. Each carries 2 marks)

1. സ്മൃതിചരിത്രം എന്ന നിലയിൽ സ്വെറ്റ്ലാന അലക്സിയേവിച്ചിന്റെ കൃതികളുടെ സ്വഭാവം വിവരിക്കുക. 2

2. "പിന്നീട് ഞാൻ ഒന്നും കാണിച്ചിട്ടില്ല, അഭിപ്രായം ചോദിച്ചിട്ടില്ല" - അഭിമാനിയുടെ ശബ്ദം. എഴുതിയിട്ടില്ല എന്നല്ല അമ്മ പറഞ്ഞത്, കാണിച്ചിട്ടില്ല...! ഈ വാക്കുകൾ എഴുത്തിന്റെ നീല ഞരമ്പ് എന്ന ലേഖനത്തിൽ എത്രമാത്രം പ്രസക്തമാണ്. ആ സന്ദർഭത്തിലൂടെ വ്യക്തമാക്കുക. 2

3. ബഹുരാഷ്ട്ര കുത്തകയ്ക്കെതിരെ ആദിവാസികൾ നടത്തിയ ആദ്യത്തെ സമരം - ഏത് സമരത്തെക്കുറിച്ചാണ് ഈ പരാമർശം ? വിശദമാക്കുക 2

4. മയിലമ്മയുടെ കല്യാണ അനുഭവങ്ങളും അവരുടെ ചടങ്ങുകളും വിവരിക്കുക 2

5. നിലമ്പൂർ ആയിഷ സ്കൂൾ പഠനം നിർത്താനിടയായ സാഹചര്യം എന്ത്? 2

6. പ്രാചീനാചാരങ്ങൾ നിർത്തുന്നതിനെ എതിർത്തു കൊണ്ട് കണാരൻ ഡിപ്പ് ടി കലക്ടർ പറഞ്ഞ ന്യായമെന്ത്? 2

7. കരിങ്കുമരണം -എന്ന കഥയുമായി ബന്ധപ്പെട്ട് ഗ്രേസി പങ്കുവയ്ക്കുന്ന അനുഭവം എന്താണ്? 2

8. വധു - എന്ന പദത്തിന്റെ പ്രയോഗത്തിലൂടെ വ്യക്തമാവുന്ന സ്ത്രീ പദവിയെക്കുറിച്ച് തസ്ലീമ നസ്രീൻ പറയുന്നതെന്തെല്ലാം? 2

### Part B (Answer any 4 questions. Each carries 6 marks)

9. സ്വെറ്റ്ലാന അലക്സിയേവിച്ച് എന്ന റഷ്യൻ പത്രപ്രവർത്തകയ്ക്ക് നേരിടേണ്ടി വന്ന വെല്ലുവിളികൾ എന്തൊക്കെ. അപഗ്രഥിക്കുക. 6

10. വാമൊഴിയും കേട്ടെഴുത്തും അനുഭവാഖ്യാനത്തിൽ എത്രത്തോളം പ്രസക്തമാണെന്ന് വിശകലനം ചെയ്യുക. 6

11. പ്ലാച്ചിമട പരിസ്ഥിതി സമരത്തെപ്പറ്റി ഒരു ലഘു ഉപന്യാസം തയ്യാറാക്കുക. 6

12. ജാതീയതയും തൊട്ടുകൂടായ്മയും ആമിയെന്ന കുട്ടിയെ അലോസരപ്പെടുത്തിയിട്ടുണ്ട്.-സംഭവങ്ങളെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക. 6

13. രേവതിയമ്മയുടെ വിവാഹത്തിനുണ്ടായ പ്രതിബന്ധങ്ങൾ സാമൂഹിക മാറ്റത്തിനെതിരായ പ്രതിബന്ധങ്ങൾ കൂടിയാണ് - കാര്യകാരണസഹിതം വിശദമാക്കുക. 6

14. പേഴ്സണൽ സ്പെയ്സ് ഉണ്ടാക്കാനുള്ള മമ്മിയുടെ ശ്രമത്തിൽ താനും സഹോദരിമാരും ഇരകളായിരുന്നു എന്ന് രേഖാ രാജ് വിലയിരുത്താൻ കാരണമെന്ത്? 6

### Part C (Answer any 1 question(s). Each carries 14 marks)



15. '1940 മെയ് മാസത്തിന് ശേഷം ഞങ്ങളുടെ നല്ലകാലം അവസാനിച്ച്'-ആൻ ഫ്രാങ്കിന്റെ ഡയറികുറിപ്പിലെ ഈ വാക്കുകളിലൂടെ ജൂതരായ ജനങ്ങളുടെ ദുരിതാനുഭവങ്ങൾ എപ്രകാരമാണ് ആവിഷ്കരിക്കുന്നത്? 14

16. ഒരു കലാകാരിയുടെ ജീവിതാനുഭവക്കുറിപ്പുകൾ അന്നത്തെ സാമൂഹികാവസ്ഥകളുടെ ആവിഷ്കരണമാവുന്നതെങ്ങനെ എന്ന് ജീവിതമെന്ന അരങ്ങ് എന്ന കൃതിയെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക 14